**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 200** **17-03-2022 - ൽ മറുപടിയ്ക്ക്**

**ഖാദി-കൈത്തറി മേഖലയുടെ ഉത്തേജനത്തിനായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ എം എസ് അരുൺ കുമാർ | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് കടുത്ത പ്രതിസന്ധിയിലാക്കിയ ഖാദി-കൈത്തറി മേഖലയുടെ ഉത്തേജനത്തിനായി പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; നൂൽ ക്ഷാമം പരിഹരിക്കാൻ ഇടപെടൽ ഉണ്ടാകുമോ; | (എ) | സംസ്ഥാനത്ത് കോവിഡ് മൂലം കടുത്ത പ്രതിസന്ധി സംജാതമായെങ്കിലും മുൻ വർഷങ്ങളിൽ എന്ന പോലെ 2020-21, 2021-2022 സാമ്പത്തിക വർഷങ്ങളിലും ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിലുള്ള 12,500 തൊഴിലാളികൾക്ക് നൽകുന്നതിനുള്ള ഇൻസെന്റീവ് അനുവദിച്ച് നൽകി. കൂടാതെ ഖാദി വസ്തുങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി റിബേറ്റ് ഇനത്തിലുള്ള തുകയും അനുവദിച്ചു. എല്ലാ സർക്കാർ, അർദ്ധ സർക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ 2022 പുതുവർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി/ഖാദി വസ്തങ്ങൾ ധരിക്കണമെന്നും 07.12.2020 ലെ സി.ഡി.എൻ2/97/2020 ജി.എ.ഡി നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കൈത്തറി/ഖാദി തുണിത്തരങ്ങൾ വാങ്ങണമെന്നും 11.01.2022 ലെ സി.ഡി.എൻ2/1/2022/പൊ.ഭ.വ സർക്കുലർ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി പ്രസ്തുത ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ ഉണർവ്വുണ്ടാക്കുന്നതിനും വിപണി മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. പല പൊതുമേഖലാ സ്ഥാപനങ്ങളും ഗവൺമെന്റ് സ്ഥാപനങ്ങളും അവർക്കാവശ്യമായ തുണിത്തരങ്ങൾ കൈത്തറി മേഖലയിൽ നിന്നും വാങ്ങുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്. നിലവിൽ ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിലവിൽ നൂൽ ക്ഷാമം ഇല്ല. കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രതിസന്ധി നേരിട്ട കൈത്തറി ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ മുൻകൂട്ടി അനുവദിച്ച 56 ദിവസത്തെ റിബേറ്റ് ദിനങ്ങൾക്ക് |

പുറമെ 2020-21 സാമ്പത്തിക വർഷം 50 അധിക റിബേറ്റ് ദിനങ്ങളും 2021-22ൽ 6 അധിക റിബേറ്റ് ദിനങ്ങളും അനുവദിച്ചു. കൂടാതെ കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നു. 1) മൂലധന സഹായ പദ്ധതികൾ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം 2) പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ എ) പ്രൊഡക്ഷൻ ഇൻസെൻറീവ്;- നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളി കളുടെയും പ്രചോദന പരിപാടി - 2021-22 സാമ്പത്തിക വർഷത്തിൽ 4 കോടി രൂപ അനുവദിച്ചു നൽകുകയും ഈ തുക വിവിധ ജില്ലകൾക്കും ഹാൻവീവിനുമായി 2018-19 സാമ്പത്തിക വർഷം വരെയുള്ള പ്രൊഡക്ഷൻ ഇൻസെന്റീവ് അനുവദിച്ചു നൽകി. ടി തുക പൂർണ്ണമായും ഈ സാമ്പത്തിക വർഷത്തിൽ തന്നെ ചെലവഴിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന 2 കോടി രൂപ അനുവദിക്കുകയും ടി തുക തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകൾക്ക് അനുവദിച്ച് നൽകുകയും ചെയ്തു. ബി) നെയ്ത്ത്കാർക്ക് ഗുണമേന്മേയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി സി)ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജ്ജിൻ മണി വായ്പ ഡി)കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/യുവവീവ് പദ്ധതി ഇ) നെയ്ത്ത് തൊഴിലാളികൾക്കുള്ള പ്രോത്സാഹന പരിപാടി എഫ്) കൈത്തറി ഗ്രാമം, സമഗ്ര കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ. 3) പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയി ട്ടുള്ള പദ്ധതികൾ എ) അംശദാന മിതവ്യയ പദ്ധതി: ഹാൻഡ്ലൂം മേഖലയിലെ തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനും പ്രോത്സാ ഹനത്തിനും വേണ്ടിയുള്ളതാണ് ഈ പദ്ധതി. 2021-22 വർഷത്തിൽ അനുവദിച്ചിരുന്ന 1 കോടി രൂപ ഈ പദ്ധതിയ്ക്കായി വിതരണം ചെയ്യുകയും അഡീഷണൽ ആതറൈസേഷൻ മുഖേന 1 .5 കോടി രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു . ബി) കൈത്തറി സംഘങ്ങളുടെ ആധുനികവത്കര ണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാ ഹനവും. സി) പരിശീലന, വൈവിധ്യ ശേഷി വികസന പരിപാടി. (ഡി) സ്കൂൾ യൂണിഫോം പദ്ധതി. നൂൽ ക്ഷാമം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രൈമറി കൈത്തറി നെയ്ത്ത് സംഘങ്ങൾക്ക് ആവശ്യമായ നൂൽ ഉൾപ്പെടെയുള്ള

| | | | |
|---|---|---|---|
| | | | അസംസ്കൃത വസ്തുക്കൾ വാങ്ങി വിതരണം ചെയ്യുന്നതിന് യാൺ ബാങ്കുകൾക്ക് മാർജിൻ മണി ലോൺ നൽകി വരുന്നു. കഴിന്തൂലിനും ചായത്തിനും സബ്സിഡിയും നൽകി വരുന്നു. സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി നൂൽ വിതരണം ചെയ്യുന്നതിന് പ്രൈമറി കൈത്തറി നെയ്ത്ത് സംഘങ്ങൾ, ഹാൻവീവ് എന്നിവയ്ക്ക് ആവശ്യമായ നൂലിന്റെ ആവശ്യകത ശേഖരിച്ച് യാൺ പർച്ചേസ് കമ്മിറ്റി കൂടി നൂൽ വിതരണത്തിനാവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നുണ്ട്. |
| (ബി) | കൈത്തറി ഉല്പന്നങ്ങൾക്ക് ആഭ്യന്തര, വിദേശ വിപണിയിൽ വിശ്വാസ്യതയുറപ്പാക്കി വില്പന പ്രോത്സാഹിപ്പിക്കുന്നതിന് കേരള കൈത്തറി മുദ്ര പതിപ്പിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാന സർക്കാരിന്റെ വ്യവസായ വകപ്പിന് കീഴിൽ കൈത്തറി വസ്ത്ര ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി (IIHT), വീവേഴ്സ് സർവ്വീസ് സെന്റർ (WSC), ഹാൻവീവ്, ഹാന്റക്സ് എന്നിവയുടെ സഹകരണത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കാൻ ആരംഭിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (NIFT) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് Knowledge Partner എന്ന നിലയിൽ പ്രവർത്തന പങ്കാളിയാണ്. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കൈത്തറി ഉത്പന്നങ്ങളെ ദേശീയ അന്തർദേശീയ തലത്തിൽ ബ്രാൻഡ് ചെയ്യുക, കൂടുതൽ മെച്ചപ്പെട്ട വിപണി സാധ്യതകൾ കണ്ടെത്തുക, നൂതന ഡിസൈൻ ആശയങ്ങൾ കൈത്തറിയിൽ കൊണ്ട് വരിക അതുവഴി കേരള കൈത്തറി മേഖലയെ മൊത്തത്തിൽ പുനരുജ്ജീവിപ്പിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ ലക്ഷ്യം. കേരള കൈത്തറിക്ക് ഒരു സവിശേഷ മുദ്ര (Kerala Handloom Mark) രൂപകല്പന ചെയ്യുന്നതിന് ഐ.ഐ..എച്ച്.ടി യെ നിയോഗിക്കുകയും IIHT, WSC, NIFT, Hanveev എന്നിവരുടെ പ്രതിനിധികൾ അടങ്ങിയ സമിതി "മുദ്ര" തെരഞ്ഞെടുക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 7/12/2021 ൽ "കൈത്തറി മുദ്ര" പ്രകാശനം ചെയ്തു. കൂടാതെ കൈത്തറി മുദ്രയെ ഔദ്യോഗിക ട്രേഡ് മാർക്ക് ആയി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ഐ.ഐ.എച്ച്.ടി വഴി നടപ്പിലാക്കുന്നു. |
| (സി) | ഖാദി ഉല്പന്നങ്ങളുടെ പ്രധാന ഭീഷണി അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വ്യാജ ഖാദി ഉല്പന്നങ്ങൾ ആയതിനാൽ അത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആലോചിക്കുന്നുണ്ടോ? | (സി) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഷോറൂമുകൾ വഴി വിറ്റഴിക്കുന്നതിനായി അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ഖാദി ഉല്പന്നങ്ങൾ ഖാദി കമ്മീഷൻ സർട്ടിഫൈ ചെയ്ത സ്ഥാപനങ്ങൾ മുഖേനയാണെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ